# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 29/05/2015

**(10 SHABAAN 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## Towards The Respect of Religion

### മതത്തെ ആദരിക്കേണ്ടതിന്റെ ആവശ്യകത

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്, എന്റെ റബ്ബ് കഴിഞ്ഞ വെള്ളിയാഴ്ചയിലെ ഖുത്തുബ വിഷയം തുടരുന്നതിനുള്ള അവസരം നൽകി അനുഗ്രഹിച്ചിരിക്കുകയാണ്.

മാത്രമല്ല, ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. സാധുക്കളുടെ അവകാശങ്ങൾക്ക് നാം മുന്തിയ പരിഗണന നൽകണം. അവരെ നമ്മുടെ സഹോദരങ്ങളായി കാണുകയും ചെയ്യണം. തന്റെ കഴിവുകൾ പ്രയോജനപ്പെടുത്തി, താൻ നേടുന്നതിൽ നിന്നും ഒരു വ്യക്തിയേയും മാറ്റി നിർത്തരുത്. വൈവിദ്ധ്യമാർന്ന കഴിവുകൾ മത്സര ബുദ്ധിയോടെ പ്രയോഗവൽക്കരിക്കുമ്പോൾ അതിൻഫലമായി അത് ലോക പുരോഗതിക്ക് കാരണമായി തീരുന്നു. രാജ്യത്തെ ധനാഢ്യന്മാർ, അവരുടെ സമ്പത്തിന്റെ ഒരു വിഹിതം, ഇസ്ലാം നിശ്ചയിച്ച പ്രകാരം, സാധുജന ക്ഷേമത്തിനായി നീക്കിവയ്ക്കേണ്ടതാണ്. ബാക്കിയുള്ളവ തങ്ങളുടെ വ്യക്തിപരമായ ആഗ്രഹ നിവർത്തിക്ക് ചെലവഴിക്കുന്നതിന് പകരം പൊതുജനക്ഷേമത്തെ മുൻനിർത്തി തൊഴിൽ മേഖലയിൽ മുടക്കുകയും ചെയ്താൽ, അതിലൂടെ ലഭ്യമാകുന്ന ധനം കുന്നുകൂട്ടുന്നതിനെക്കാൾ വിതരണം ചെയ്യുന്നതിലൂടെ അവർക്ക് സന്തോഷം കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

ഈ നിലയിൽ നോക്കുമ്പോൾ ഇസ്ലാമിന്റെ അധ്യാപനങ്ങൾ മഹോന്നതങ്ങൾ തന്നെ. വ്യക്തി അധിഷ്ഠിത ധനതത്വത്തെ ഇസ്ലാം അംഗീകരിക്കുന്നു. അതുപോലെ, ഒരാൾക്കും ധനവാനാകുവാൻ കഴിയുകയില്ല; മറ്റുള്ളവരുടെ അധ്വാനപങ്ക് കൂടിയില്ലാതെ. ഇതും ഇസ്ലാം അംഗീകരിക്കുന്നു. കാര്യം ഇങ്ങനെയായതിനാൽ, ധനവാന്റെ ധനത്തിന്റെ ഒരു വിഹിതം, മാറ്റിവയ്ക്കുകയും, അത് ഗവൺമെന്റിലൂടെ സാധു ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുവാൻ നൽകേണ്ടതുമാണ്. കാരണം ഈ ധനാഗമന ഉൽപ്പാദനത്തിന് തൊഴിലാളിയുടെ പങ്ക് അനിഷേധ്യമായ സംഗതിയാണ്. ഇത് ഇസ്ലാമിന്റെ വ്യക്തമായ കൽപ്പനയാകുന്നു. അതുപോലെ ഇസ്ലാം രാഷ്ട്രത്തോട് കൽപ്പിക്കുന്നു, രാഷ്ട്രത്തിലെ ജനങ്ങൾക്കെല്ലാം ജീവിത ആവശ്യത്തിനുള്ള സാധനങ്ങൾ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ കടമയാണ്. അത് ആർജ്ജിക്കുവാനുള്ള വഴികളും രാഷ്ട്രം തുറന്നു നൽകേണ്ടതാണ്.

അന്താരാഷ്ട്ര ബന്ധങ്ങൾ കണക്കിലെടുക്കുമ്പോൾ, കാര്യങ്ങൾ ബോധ്യമാകാത്തടത്തോളം കാലം ഇത് തൃപ്തികരമായ നിലയിൽ പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. ജനതയും ഗവൺമെന്റും, വ്യക്തികളെന്ന നിലയിൽ തങ്ങളുടെ തത്വങ്ങളും പെരുമാറ്റങ്ങളും തദനുസരണമായി മാറ്റേണ്ടിയിരിക്കുന്നു. അതേ, അനേകം അന്താരാഷ്ട്ര തർക്കങ്ങൾക്കും വഴി വയ്ക്കുന്നത് അവർ പിന്തുടരുന്ന തെറ്റായ തത്വങ്ങളാണ്. ഭരണകൂടം വ്യക്തികളിൽ ഉണ്ടാകേണ്ട ധാർമ്മിക നിലവാരം സംബന്ധമായി ഒന്നും ചെയ്യുന്നില്ല എന്നതാണ് പ്രശ്നങ്ങൾക്ക് കാരണമായി തീരുന്നത്. ലോക സമാധാനത്തിന് ഓരോ രാജ്യത്തിലെയും ജനങ്ങൾ തങ്ങ

ളുടെ ഗവൺമെന്റുമായി സഹകരിക്കേണ്ടതാണ്. അവരുടെ അവകാശ സംരക്ഷണത്തിനായി ആവശ്യം ഉന്ന യിക്കുന്നതിൽ ഒരു തെറ്റുമില്ല. ഈ അവകാശ സമരത്തിൽ , പൊതുജീവിതം ദുസ്സഹമാകുന്ന ഒരു പ്രവർത്തിയും ചെയ്യാൻ പാടില്ല; ധാർമ്മിക നിലവാരത്തിന് നിരക്കാത്ത യാതൊന്നും ചെയ്യരുത്, ഗവൺമെന്റ് അധികാരി കളെ അപായപ്പെടുത്തുവാനും പാടില്ല.

അനേകം മതങ്ങളിൽ, ആത്മാർത്ഥമായി വിശ്വസിക്കുന്നവർ ഉള്ളടത്തോളംകാലം, ലോക ജനത, മത ചടങ്ങുകൾക്ക് അടിക്കപ്പെടുന്ന ഘടികാരം പോലെ ഒരേ ശബ്ദത്തിൽ അടിക്കുകയില്ല. മതപരമായ അപസ്വ രങ്ങൾ ഉയർന്നുവരാം. ഒരു പൊതുവിശ്വാസത്തിന്റെ പരിധിയിൽ ലോകജനത, അഥവാ ഭൂരിഭാഗം ഏകോപി ക്കുന്നതു വരെ ലോകത്തെ യഥാർത്ഥ സൗഹൃദം സ്ഥാപിക്കപ്പെടുകയില്ല.

**ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ**

**ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ അതിന് വേണ്ടി, സർവ്വശക്തനായ ദൈവം എന്നെ നിയോഗിച്ചി രിക്കുകയാണെന്ന് ഞാൻ വാദിച്ചു കഴിഞ്ഞിരിക്കുകയാണ്. ആയതിനാൽ, എന്നിലൂടെ, ഒരു വിശ്വാസ കീഴിൽ ജനങ്ങൾ ഒന്നിക്കട്ടെ, അങ്ങനെ ബാഹ്യമായും ആന്തരികമായും സമാധാനം കണ്ടെത്തട്ടെ. നോക്കൂ! ഇപ്പോൾ മനുഷ്യൻ ഒരു മതത്തിൽ ഉള്ളവർപോലും സംഘടിതരല്ല! യഥാർത്ഥ മതവും അതിന്റെ ജീവിത രീതിയും, അതാ യത് ഇസ്ലാം, വ്യക്തികളുടെ, മതങ്ങളുടെ, സമുദായത്തിന്റെ മൊത്തത്തിൽ ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ, പുരോഗതി നൽകുവാൻ കഴിവുറ്റതാണ് എന്ന് ഉറപ്പു നൽകുന്നു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നിരീക്ഷിക്കുക.**

1. വിവിധ മതങ്ങളുടെ സ്ഥാപകരും നേതാക്കന്മാരും അവരവരുടെ അനുയായികളുടെ മനോവികാരങ്ങൾ എളുപ്പത്തിൽ ഇളക്കി വിടത്തക്ക നിലയിൽ കാര്യങ്ങൾ അവതരിപ്പിക്കാതിരിക്കുക.

2. മത പ്രബോധന രംഗത്ത്, ഓരോ മതത്തിന്റെയും മിഷണറിമാർ, അവരവരുടെ മതത്തിന്റെ മനോഹാരിത മാത്രം വിശദീകരിക്കുക. മറ്റൊരു മതങ്ങളെയും ആക്രമിക്കാതിരിക്കുക. തങ്ങളുടെ മതത്തിന്റെ സത്യത തെളി യിക്കുവാൻ മറ്റു മതങ്ങളുടെ കുറ്റങ്ങൾ തേടിപോകാതിരിക്കുക. ഒരു മതത്തിന്റെ സത്യത സ്ഥാപിക്കേണ്ടത്, അതിന്റെ തന്നെ മഹത്വപൂർണ്ണമായ അധ്യാപനങ്ങളിലൂടെയായിരിക്കണം. മറ്റു മതങ്ങളുടെ കുറ്റങ്ങൾ ചൂണ്ടികാ ണിച്ചാകരുത്.

3. ഒരു മതത്തിന്റെ അനുയായികൾ, അവരുടെ മതത്തിന്റെ തത്വമായി പറയരുത്, അവരുടെ വേദ ഗ്രന്ഥ ത്തിൽ നിന്ന് നേരിട്ട് അത് ലഭ്യമല്ലെങ്കിൽ! തത്വവും അതിന്റെ തെളിവും അവരുടെ വെളിപാട് ഗ്രന്ഥത്തിൽ നിന്ന് തന്നെ എടുക്കേണ്ടതാണ്. ഈ തത്വത്തെ പൂർണ്ണമായും പിന്തുടരാതെ, ഒരു മതത്തിന്റെ സത്യത സംബ ന്ധിച്ച് ശരിയായ തീരുമാനത്തിലെത്താൻ സാധിക്കില്ല. ഇത്തരം നിയന്ത്രണങ്ങളുടെ അഭാവം മൂലം, ഒരു പ്രത്യേക മതത്തിന്റെ അധ്യാപനങ്ങളായി പറഞ്ഞിരിക്കുന്നത്, ആ മത ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതാണോ എന്ന് കണ്ടെത്തുവാൻ പ്രയാസമാണ്; ഇനി മറ്റു മതങ്ങളെ സംബന്ധിച്ച് നടത്തിയ പഠനങ്ങളിൽ നിന്നും കിട്ടിയ താണോ ? അതോ ഈ കാലഘട്ടത്തിലെ ചിന്താസരണിയിൽ രൂപപ്പെട്ടതാണോ ? (മതാദ്ധ്യാപനങ്ങൾ സംശയരഹി തമായിരിക്കണം) ഓരോ മതത്തെക്കുറിച്ചും വാദിക്കുന്നവർ, അവരവരുടെ മതാദ്ധ്യാപനങ്ങൾ അവരവരുടെ വെളിപാട് ഗ്രന്ഥത്തിൽ നിന്നും സമർപ്പിക്കട്ടെ, അവരുടെ വാദമുഖങ്ങൾ ആ ഗ്രന്ഥത്തിൽനിന്ന് തന്നെയായി രിക്കണം. അങ്ങനെയായാൽ പൊതുജനത്തിന് വിവിധ മതങ്ങളുടെ അവകാശവാദങ്ങൾ മനസ്സിലാക്കുവാനും അവർക്കൊരു തീരുമാനത്തിലെത്തിച്ചേരുവാനും സാധിക്കുന്നതാണ്. സത്യം പെട്ടെന്ന് വെളിവാകുകയും ചെയ്യുന്നതാണ്. മാർഗ്ഗ ദർശനത്തിനായി ദൈവം ഒരു മതത്തിന് വെളിപാടുകൾ നൽകുകയാണെങ്കിൽ ആ മതത്തിൽ, ഈ തത്വങ്ങളെല്ലാം ഉണ്ടാകുന്നതാണ്. വാദമുഖങ്ങൾക്കെല്ലാം പിൻബലം നൽകുന്നതുമാണ്. അങ്ങനെ ചെയ്യാത്തപക്ഷം, ആ മതം നമ്മെ സഹായിക്കുന്നതിനുപകരം, അതിന്റെ സത്യത തെളിയിക്കുവാൻ നമ്മുടെ സഹായം ആ മതം ആവശ്യപ്പെടുന്നതായിരിക്കും.

4. വിവിധ മതങ്ങൾക്കുവേണ്ടി വാദിക്കുന്നവർ അവരുടെ മതാദ്ധ്യാപനങ്ങളുടെ ചുരുക്കം അവതരിപ്പിച്ച് തൃപ്തിയടയരുത്. പ്രവർത്തിപഥത്തിലൂടെ വിശദീകരിച്ച്, അതിന്റെ സത്ഫലങ്ങൾ പുറത്തുകൊണ്ടുവരേണ്ടതാണ്. അതിലൂടെ ജനങ്ങൾക്ക് ബോദ്ധ്യമാകും ഈ അധ്യാപനങ്ങൾ പിന്തുടരുന്നതുകൊണ്ട് വല്ല ഫലവുമുണ്ടോ ഇല്ലയോ എന്ന്. ഒരു മരുന്നിന്റെ ഘടകങ്ങൾ അത് ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ തന്നെ അതിന്റെ പ്രവൃത്തിഫലം വിശദീകരിക്കുന്നതിലൂടെ, രോഗശമനകാര്യങ്ങൾ വ്യക്തമാക്കപ്പെടുന്നു. അതുപോലെ ഒരു മതത്തെപ്പറ്റി വിശദീകരിക്കുമ്പോൾ തന്നെ ദൈവവും മനുഷ്യനുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നത് സംബന്ധമായി തെളിവുകൾ നിരത്തുവാൻ എന്തുകൊണ്ട് കഴിയുന്നില്ല ? ഞാൻ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ നിന്നും ഇന്ന് എടുക്കുകയുണ്ടായത്. സമാധാനവും സൗഹാർദ്ദവും പരിപോഷിപ്പിക്കുവാൻ ഇവ സഹായകമാണ്. ഒരു അന്താരാഷ്ട്ര സമിതി ഇതിനെ അടിസ്ഥാനപ്പെടുത്തി രൂപകൽപ്പന ചെയ്യാവുന്നതാണ്. ഈ സമിതിയുടെ അടിത്തറ ഈ പറയപ്പെട്ട തത്വങ്ങളായിരിക്കണം. ഈ തത്വങ്ങളെ പരിഗണിക്കുമ്പോൾ, ഓരോരുത്തരും ഒരു നിഗമനത്തിൽ എത്തിച്ചേരുന്നതാണ്, ഇവയില്ലാതെ ഒരു അന്താരാഷ്ട്ര സമിതിക്ക് വിജയകരമായി പ്രവർത്തിക്കുവാൻ കഴിയുകയില്ലായെന്ന്. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുക, ചിന്തകളെ ആദരിക്കുക, മതവിശ്വാസങ്ങളെ ബഹുമാനിക്കുക ഇതെല്ലാം അവശ്യ ഘടകങ്ങളാണ്. അങ്ങനെ ഈ തത്വങ്ങൾ ഇസ്ലാം നിർദ്ദേശിക്കുന്നതനുസരിച്ച്, പ്രവൃത്തിപഥത്തിൽ എത്തിക്കുമ്പോൾ, ലോകത്തിന്റെ മുമ്പിലുള്ള സംശയത്തിന്റെ മറ നീങ്ങുന്നതാണ്, അങ്ങനെ ഓരോ മതങ്ങളെയും നിരാകരിക്കുകയും ഒടുവിൽ ഇസ്ലാമിന്റെ സത്യത വെളിവാക്കപ്പെടുന്നതുമാണ്. കാലങ്ങളിലൂടെ യാത്രചെയ്ത ഇസ്ലാം മാത്രമാണ് സമ്പൂർണ്ണ മതം. ഇസ്ലാം മാത്രമാണ് ലോകത്ത് അവതീർണ്ണമായ എല്ലാ മതങ്ങളുടെയും സത്യത ഉത്ഘോഷിക്കുകയും അവയെല്ലാം തന്നെ ദൈവ പ്രോക്തങ്ങളായിരുന്നുവെന്ന് സത്യപ്പെടുത്തുന്നത്. ഓരോ കാലങ്ങളിൽ ഓരോ ജനതയിലേക്ക് ദൈവ നിയോഗിതർ വന്നു കൊണ്ടിരുന്നു. എന്ന സത്യം വെളിവാക്കപ്പെട്ടത്. ലോകത്തിലെ ജനങ്ങൾക്കിടയിൽ സാഹോദര്യവും സൗഹൃദവും ഊട്ടിയുറപ്പിക്കുവാനാണ് അവർ നിയോഗിതരായത്.

മുൻ കഴിഞ്ഞ അധ്യാപനങ്ങളെയെല്ലാം ഇസ്ലാം ഏകോപിപ്പിക്കുന്നു. കെട്ടുകഥകളെ പുറന്തള്ളുന്നു. ശരിയായ ധാർമ്മികത സ്ഥാപിക്കുന്നു. ശരിയാ സമൂഹ സൃഷ്ടിക്കുവേണ്ടി ജനങ്ങൾ ഇതിന്റെ പിന്നിൽ അണിചേരേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ പിന്തുടരേണ്ടതാണ്. ഇത് സാധ്യമാക്കണമെങ്കിൽ, ജനം അജ്ഞതയാലുള്ള മൂടുപടങ്ങൾ നീക്കി പുറത്തുവരണം. അവരുടെ ഹൃദയങ്ങളിലും, ബുദ്ധിയിലും, ദർശനത്തിലും പ്രകാശം തുളച്ചുകയറണം. ഇൻശാ അല്ലാഹ് ! അല്ലാഹു (ത) ഈ മറകൾ നീക്കം ചെയ്യട്ടെ ! പ്രകാശം വീണ്ടും പ്രവേശിക്കട്ടെ ! മാനവകുലം ഭൂമിയിൽ ഒരിക്കൽകൂടി ആത്മീയ വിപ്ലവത്തിന് സാക്ഷ്യം വഹിക്കട്ടെ ! ഇൻശാ അല്ലാഹ്. ആമീൻ!.


<u>**Translated & Issued By**</u>

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************